**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1945** **11-10-2024 - ൽ മറുപടിയ്ക്ക്**

**വെറ്ററിനറി ആശുപത്രികൾ സ്മാർട്ട് ആക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വെറ്ററിനറി ആശുപത്രികൾ സ്മാർട്ട് ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു മുഖേന എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് അധികമായി പൊതുജനങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്തെ മൃഗാശുപത്രികളിൽ ഐ.ടി അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ മൃഗാശുപത്രികൾ മുഖേന നൽകിവരുന്ന വിവിധ സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി ഇ-സമൃദ്ധ പദ്ധതി നടപ്പിലാക്കി വരികയാണ്.<br><br>ഈ പദ്ധതിയുടെ ഭാഗമായി കർഷകർക്ക് രോഗ നിർണയ ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യുവാനും ആരോഗ്യ സർട്ടിഫിക്കറ്റുകൾ, വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ, മൃഗ ചികിത്സാ വിവരങ്ങൾ മുതലായവ ഓൺലൈനായി ലഭ്യമാക്കുവാനും സാധിക്കും. തങ്ങളുടെ ഉരുക്കളുടെ പ്രത്യുത്പാദനപരവും ആരോഗ്യപരവുമായ എല്ലാ വിവരങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നതോടെ ശാസ്ത്രീയമായ രീതിയിലുള്ള കൃത്യമായ മൃഗ പരിപാലനം സാധ്യമാവുകയും അതുവഴി ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാനും സാധിക്കും. അതോടൊപ്പംതന്നെ കർഷകർക്ക് തങ്ങളുടെ പ്രദേശങ്ങളിലുള്ള കാലാവസ്ഥാ വ്യതിയാനങ്ങളിൽ മുന്നറിയിപ്പ് നൽകുന്ന സംവിധാനവും മൃഗസംരക്ഷണ വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഇതുവഴി നിശ്ചിത ഊഷ്മാവിന് മുകളിൽ താപനില ഉയരുന്ന പ്രദേശങ്ങളിലുള്ള കർഷകർക്ക് SMS വഴി മുന്നറിയിപ്പ് നൽകുന്നു. ഈ സംവിധാനം ഫീൽഡ് തലത്തിൽ പ്രാവർത്തികമാക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. |

സെക്ഷൻ ഓഫീസർ